**കോവിഡ് 19, മന്ത്രിതല അവലോകനയോഗം ഇന്ന് (10-04-2020)**

ആലപ്പുുഴ: കൊവിഡ് 19 ന്റെ പശ്ചാത്തലത്തില് ആലപ്പുഴ ജില്ലയിലെ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി ജില്ലയുടെ ചുമതലയുള്ള പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പുുമന്ത്രി ജി.സുധാകരന്റെ നേതൃത്വത്തില് ഉന്നതതല യോഗം ഇന്ന് (10-04-2020) രാവിലെ 11 മണിക്ക് കളക്ട്രേറ്റില് ചേരും.

കൊവിഡ് 19 മായി ബന്ധപ്പെട്ട് ജില്ലയില് ഇതുവരെ നടത്തിയ പ്രവർത്തനം, അതിഥി തൊഴിലാളികളുടെ താമസം ഭക്ഷണം, നെല്ല് സംഭരണം, വിളവെടുപ്പ്, ജില്ലയിലെ കമ്യൂണിറ്റി കിച്ചന് പ്രവർത്തനം, യാത്രാ നിയന്ത്രണം, തുടങ്ങിയ കാര്യങ്ങൾ യോഗത്തില് ചർച്ച ചെയ്യും.

ജില്ലാകളക്ടർ, ഡി.എം.ഒ, എസ്.പി, ജില്ലാ കൃഷി ഓഫീസർ, ഡി.എച്ച്.ഒ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, സിവില് സപ്ലൈസിന്റെ ജില്ലാ ഓഫീസര്, പാഡി ഓഫീസര്, തുടങ്ങിയ ജില്ലയിലെ പ്രധാനപ്പെട്ട വകുപ്പ് മേധാവികൾ യോഗത്തില് പങ്കെടുക്കും.

--